# തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Geromic George IAS)

## സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ശ്രീമതി. ജീജ.കെ.കെ യെ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുത്തി ഉത്തരവാകുന്നു.

## ഉത്തരവ് നമ്പർ LSGD/PD/53267/2023-GEA3 തീയതി: 09-12-2025

പരാമർശം:

1) 04.04.2023 ലെ കാസർകോട് അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ ആർ.ഡി.5/12ADC(GL)KSD നം. കത്ത്.
2) ഗ്രാമവികസന കമ്മീഷണേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 22/03/2022 തീയതിയിൽ പ്രസിദ്ധീകരിച്ച 12289/Estt.C3/2020/CRD ഉത്തരവ്.
3) ഗ്രാമവികസന കമ്മീഷണേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 15.09.2020 തീയതി സി.ആർ.ഡി.133/2020/Estt.C3 നമ്പര് ഉത്തരവ്.
4) 13.11.2025-തീയതിയിൽ പ്രസിദ്ധീകരിച്ച LSGD/PD/53267/2023-GEA3 നമ്പർ നോട്ടീസ്.

## ഉത്തരവ്

തദ്ദേശസ്വയംഭരണ (ഗ്രാമവികസനം) വകുപ്പ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ജീജ.കെ.കെ -യെ പരാമർശം(2) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചു. ശ്രീമതി. ജീജ.കെ.കെ സമാശ്വാസ തൊഴിൽദാന പദ്ധതിയിലൂടെ പരാമർശം(3) ഉത്തരവ് പ്രകാരം നിയമനം ലഭിച്ച് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളയാളാണ്. ടിയാളുടെ നിയമനഉപ്രാർശ തീയതിയായ 15.09.2020 തീയതി കണക്കാക്കി പരാമർശം(2) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി പട്ടികയിൽ ക്രമനം. 73 ശ്രീ. സാഗിപോളിനും (സീനിയോരിറ്റി നം. 873) നും ക്രമനം. 74 ശ്രീമതി. മഞ്ജു. എസ്സിനും (സീനിയോരിറ്റി നം. 874) നും ഇടയിൽ സീനിയോരിറ്റി നം. 873എ ആയിട്ട് താൽക്കാലികമായി ഉൾപ്പെടുത്തി പരാമർശം(4) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ മറ്റ് ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി. ജീജ.കെ.കെ-യെ സീനിയോരിറ്റി പട്ടികയിൽ 873എ ആയിട്ട് ഉൾപ്പെടുത്തി പരാമർശം(2) സീനിയോരിറ്റി പട്ടിക പുനക്രമീകരിച്ചും ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Geromic George IAS
PRINCIPAL DIRECTOR

പകർപ്പ്:

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീമതി. ജീജ.കെ.കെ (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)
4. ജൂനിയർ സൂപ്രണ്ട്,DEC-സെക്ഷൻ
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 09-12-2025 10:22:17